

# ദൃഷ്ടിസൂചി



## ചട്ടഞ്ചാൽ ഹയർ സെക്കൻഡറി സ്കൂൾ

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ**

**2023-24**

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എക്സിക്യൂട്ടീവ് എഡിറ്റർ : ശ്രീ. മനോജ് കുമാർ പി.വി
ഹെഡ് മാസ്റ്റർ

ചീഫ് എഡിറ്റർ : പ്രമോദ് കുമാർ . കെ
SITC & KITE MASTER

**അംഗങ്ങൾ :**
ഷീബ ബി എസ്
പ്രസീന എം
അർച്ചന നായർ എം. കെ
ദേവദർശൻ.ബി
ആദിഷ് . പി
ഇഷാൻ ജെംഷിദ്
അഭിനവ് കൃഷ്ണൻ
ശ്രീനന്ദൻ

കവർ ഡിസൈൻ : അഭിനവ് കൃഷ്ണൻ

# സന്ദേശം



ആധുനിക  സാങ്കേതിക വിദ്യകളിൽ നൈപുണ്യവും,   വൈദഗ്ദ്യമുള്ളവരെ കണ്ടെത്തി  പരിപോഷിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന  ലിറ്റിൽ കൈറ്റ്സിന്റെ സംരംഭമായി  പുറത്തിറക്കുന്ന  ദൃഷ്ടി സൂചി  എന്ന ഡിജിറ്റൽ മാഗസിന്  എല്ലാവിധ  ആശംസകളും നേരുന്നു .

– ശ്രീ. മുഹമ്മദ്  ഷെരീഫ്
മാനേജർ
ചട്ടഞ്ചാൽ  ഹയർ സെക്കന്ററി സ്കൂൾ

# സന്ദേശം



കുട്ടികളുടെ സാങ്കേതിക മികവിന്റെ പഠന യാത്രയിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസിക്കപ്പെടേണ്ടതാണ്. ഈ മാഗസീനിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എല്ലാവിധ അഭിനന്ദനങ്ങളും പിന്തുണയും അറിയിച്ച് കൊള്ളട്ടെ

– ശ്രീ. മുഹമ്മദ് ഇക്ബാൽ

പി.ടി എ പ്രസിഡണ്ട്

# സന്ദേശം



ഐ ടി കൂട്ടായ്മയുടെ ഭാഗമായി രൂപം കൊണ്ട ലിറ്റിൽ കൈറ്റ്സ് ഐ ടി മേഖലയിലേക്കുള്ള വാഗ്ദാനങ്ങളായ കുട്ടികളുടെ വിജ്ഞാനം വർധിപ്പിക്കുന്നു . ഡിജിറ്റൽ മാഗസിൻ പോലുള്ള സംരംഭം തീർച്ചയായും കുട്ടികളുടെ കരവിരുത് പ്രകടിപ്പിക്കാനുള്ള സംരംഭം തന്നെയാണ് . ഈ സംരംഭം വിജയകരമായി മുന്നോട്ട് പോകുവാൻ എല്ലാവിധ ആശംസകളും നേരുന്നു .

– ശ്രീ.ടോമി എം. ജെ

പ്രിൻസിപ്പൽ

# സന്ദേശം



അറിവും ഭാവനയും കോർത്തൊരുക്കി തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സിന്റെ ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിച്ച , സഹകരിച്ച ഏവർക്കും അഭിനന്ദനങ്ങൾ .

കലയും, സാഹിത്യവും സാങ്കേതിക വിദ്യയും ഒത്തുചേർന്നു വളർത്തുന്ന പ്രവർത്തനങ്ങൾ ഇനിയുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു .

– മനോജ് കുമാർ പി.വി
ഹെഡ് മാസ്റ്റർ

# എഡിറ്റോറിയൽ



ഐ.ടി സാങ്കേതിക പരിജ്ഞാനം ഗുണകരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിൽ നന്നായി പ്രവർത്തിച്ച വരുന്നു. ഡിജിറ്റൽ മാഗസീനിന്റെ അഞ്ചാമത്തെ പതിപ്പിലേക്ക് എത്തി നിൽക്കുമ്പോൾ കുട്ടികളുടെ കഴിവും അഭിരുചിയും സർഗാത്മകതയും വളർത്തിയെടുക്കുന്നതിനുള്ള പരിശ്രമത്തിൽ അവരുടെ കര വിരുതുകളും കഴിവുകളും ഒരിക്കൽ കൂടി ഇവിടെ ചിറക് വിടർത്തുകയാണ്. ഡിജിറ്റൽ സ്വാധീനത്തെക്കുറിച്ചും പുതിയ സാങ്കേതിക മാധ്യമങ്ങളുടെ വികസനത്തെക്കുറിച്ചും ബോധവാന്മാരാണ് ഇന്നത്തെ സമൂഹം . നമ്മുടെ സമൂഹത്തിൽ നിന്നും പുതിയ സാങ്കേതിക അവതരണങ്ങൾ സ്വീകരിക്കുന്നതിനുള്ള ഒരു സ്രോതസ്സ് ആയി ഡിജിറ്റൽ മാഗസിനുകൾ മാറുമ്പോൾ പ്രകടമായ പുതിയ പ്രവൃത്തികളും അവയുടെ പ്രഭാവങ്ങളും വെളിപ്പെടുത്തലുമെല്ലാം നമുക്ക് ഇതിലൂടെ വായിക്കാവുന്നതാണ് .

ഭാവനാപരമായ ഉൾക്കാഴ്ചയുടെ മാർഗദർശി എന്ന അർത്ഥത്തിലാണ് Vision Guide എന്ന ഇംഗ്ലീഷ് അർഥം വരുന്ന ദൃഷ്ടി സൂചി എന്ന് മാഗസിന് പേര് നൽകിയത് . സ്വന്തമായ വിചാരങ്ങൾ , മനസ്സിലാക്കിയ ആശയങ്ങൾ ഉള്ളിലെ പ്രതീതികൾ എന്നിവ ഒന്നിച്ച് കൂടി കുട്ടികളുടെ സർഗാത്മക മികവുകളുടെ കലവറയാക്കിയ ദൃഷ്ടിസൂചിയുടെ താളുകളിലേക്ക് എല്ലാവരെയും, പ്രത്യേകിച്ച് വിദ്യാർത്ഥികളെ സ്നേഹപൂർവ്വം ക്ഷണിച്ച് കൊള്ളുന്നു

പ്രമോദ് കുമാർ കെ
ചീഫ് എഡിറ്റർ

# ഉള്ളടക്കം


| | | | പേജ് നമ്പർ |
|---|---|---|---|
| 1. | അമ്മയെന്ന നിഴൽ | കവിത | 9 |
| 2. | സ്വപ്ന ചിറകിലേറി | കവിത | 10 |
| 3. | കിനാവ് | കവിത | 11 |
| 4. | സ്റ്റാറ്റസ് | കവിത | 12 |
| 5. | പ്രഭാതം | കഥ | 13 |
| 6. | കാലം | കവിത | 14 |
| 7. | എനി എന്തുണ്ട് | കഥ | 15 |
| 8. | കരുതിയിരിക്കാം നാളെയ്ക്കായി | കഥ | 16 |
| 9. | SUN THE NEW HOPE | POEM | 17 |
| 10. | MOON THE SOLITUDE | POEM | 18 |
| 11. | അതിജീവന സ്വരമുയർത്തി | കവിത | 19 |
| 12. | I TOLD TGHE STAR ABOUT YOU | POEM | 20 |
| 13. | തകർത്തുകളഞ്ഞതിജീവിച്ചു | കവിത | 21 |
| 14. | അച്ചടക്കവും വിദ്യാർത്ഥികളും | ലേഖനം | 23 |
| 15. | നരകമാവുന്ന ഭൂമി | കഥ | 24 |
| 16. | ഉണ്ണിക്കുട്ടന്റെ പരീക്ഷ | കഥ | 27 |
| 17. | ചിത്രങ്ങളിലൂടെ | ..... | 28 |
| 18. | നന്ദി | ..... | 47 |

# അമ്മയെന്ന നിഴൽ

മാനവഹൃത്തങ്ങളിലെന്നുമെപ്പോഴും
തങ്ങി നിൽക്കുന്നൊരു മനോഹരപദമാണാമ്മ.
പകരമാവില്ലയീ ധരണിയിൽപെറ്റമ്മനൽകിയവാത്സല്യത്തോളം, പകരാമവില്ല.
മറ്റൊന്നുമേ, നാംനുണഞ്ഞ
അമ്മിഞ്ഞപ്പാലിൻ മാധുര്യയത്തോളം
ഏതുവാക്കാലാണായമ്മയെ വിണ്ണിനോളം
വാഴ്ത്താൻ കഴിയുക?
ദേവത്തിൻനന്മകളെല്ലാമീമണ്ണിൽ ചോരിഞ്ഞത് മാതാവി മാത്രം.
എൻമിഴിയൊന്നു നിറഞ്ഞൊഴുകി-
യാൽ വിതുമ്പുന്നൊരാ മാതൃഹൃദയം..
ഒറ്റ്പെട്ടെന്നു തോന്നുമ്പോഴൊപ്പ-
മുണ്ട്ചെന്നോർമ്മിപ്പിക്കും
' മോളേ'യെന്നയാ വിളിയിൽ
രഅലിഞ്ഞില്ലാതായിപോവുമെൻനോവുകൾ.
ആദ്യമാംനൽകിയഅന്നത്തിനുമ-
ളവില്ലാതെ നൽകിയസ്നേഹത്തിനും
കണക്ക് വയിക്കാത്തവളാണമ്മ
ആ മാതാവിൻ മാദുര്യചിത്തത്തെ
ഞാൻസദാ വന്ദിക്കുന്നു
ദുഃഖത്തിാശ്വാസമാം വേദനയിൽപ്രതീക്ഷ-
യാം ബലഹീനതയിൽ ശക്തിയാം പകർന്നൊരമ്മ
ഇമ്മൊനിക്ക്വേദനിപ്പിച്ചുകൊണ്ടു-
ദരത്തിൽ നിന്നു പുരത്തേക്ക് വീണിട്ടുമാ-
മേദത്താൽ ചുട്ടുച്ചുംബനങ്ങൾ
തന്നയാ മാതാവെന്ന മൃഹാത്മ്യത്തെ അമ്മചെയ്ത്തത്യാഗസ്നേഹത്തിൻ
പകരമല്ലെങ്കിലും താങ്ങായി, തണലായി
കൂടെയുണ്ടാകുംഞാനെൻ കാലമതത്രയും....




-ശ്രീകൃപ.കെ
8 L

# സ്വപ്ന ചിറകിലേറി

കനവിലുണരുമായിരം നേത്രാമ്പുകൾ
ശരമേറ്റ് പിടയുന്നതെൻ തായതൻ ഉടമ്പ്
കരയുവാനുണ്ടൊരുമുഴം അലയുവാനതിലേറെ.
കനവുനകുമൊരു പട്ടണ കവാടത്തിൻ മുന്നിൽ
വാങ്ങുന്നിത ഞാൻ വിദൂര മുകുളം
മലർവാടി വിതറിയതെൻ കിനാക്കളിൽ
കതിരുകളുണരുന്നു പൂമണം പൂക്കുന്നു,
പാതിരാപക്ഷി സ്വേതമുതർക്കുന്നു
ആയിരമായിരം താരകക്കുടകൾ വിരിക്കുന്നു
അമ്പരം ചുറ്റുംകാർമേഘവണ്ടുകൾ പുതുമഴയായി–
ധരണിയിൽപൊഴിയവേ....
കിളിർക്കുന്നിതനവജ്യോതിസ്സുകൾ
മധുവാഹിനീനിൽപാസ്സരങ്ങൾ കുലുങ്ങി–
ച്ചിരിക്കുന്നു....
ഏഴുനിറങ്ങൾ വർണ്ണാഭമാകുന്നു
ഇനിയെന്നു തീരുമീ ദുഃഖസ്വപ്നം,
ഇനിയൊന്നു വന്നീടുമീ സ്നേഹഗീതം



–ശിഖ കൃഷ്ണൻ
8 L



## കിനാവ്

നിദ്രതന്നാഴത്തിലേക്ക് ഞാൻ പതിക്കവേ
കേട്ടു ഞാൻ സ്വപിനത്തിന്റെ ചിറ കടി
സങ്കല്പ്പതേരിലായെത്തി
വിണ്ണിന്റെ മാലാഖ വൃന്ദം
മനസ്സിന്റെ വാതായം
അവർക്കായി ഞാൻ തുറന്നു.
ഉള്ളംനിറയുന്നകാഴ്ച്ച
ആമോദരാവെനിക്കേകി
പുഞ്ചിരി തൂകി ഞാൻ നിന്നു
വർണ്ണ പകിട്ടിന്റെ മുൻപിൽ
സങ്കല്പ്പ ലോകത്തിൻചാരേ
സന്തോഷ കാഴ്ച്ചകൾ പരതി
പകൽ വെട്ട കാഴ്ച്ചകൾ എനിക്കേകി
നോവിന്റെ കണ്ണീർ കണങ്ങൾ
ഇരുളിന്റെ കാഴ്ച്ചകൾ എനിക്കേകി
ആനന്ദ കണ്ണീർ കണങ്ങൾ
നിത്യം നിദ്രയെ പുൽകി
അക്ഷമയോടെ ഞാൻനിന്നു
നിദ്ര എനിക്കായി തരുന്നു
സ്വപ്നത്തിൻ വിസ്മയലോകം



–Parvana Melath
8L

# സ്റ്റാറ്റസ്

മുഖം മനസ്സിന്റെ കണ്ണാടീയാണെന്ന്
പണ്ടാരോ ചൊല്ലീ
എന്നാൽ പുതുയുഗത്തിൽ സ്റ്റാറ്റസാണ്
മനുഷ്യ മനസ്സിൻ കണ്ണാടി
ഇനി എന്നാണു മനുഷ്യർക്ക് തിരിച്ചറിവുണ്ടാവുക?
ആഹ്ലാദവേദീയൊ, ശോകവേദിയൊ
മനുഷ്യർക്ക് സ്റ്റാറ്റസ് തന്നെ മുഖ്യം
ജനനം  മുതൽ മരണം വരെ
സ്റ്റാറ്റസ് ഇടാൻ മറക്കില്ല മാനുഷ്യർ



വാതം പിടിച്ചാലും വേദം പഠിച്ചാലും
നാട്ടിലറിയിക്കാൻ സ്റ്റാറ്റസിടാത്ത മനുഷ്യരുണ്ടോ?
വർണ്ണതിളപ്പിന്റെ ലോകം  മനുഷ്യനെ
മാറ്റിയതെങ്ങനെ എന്നത് അത്ഭുതംതന്നെ

ഒരാളൊരാളെ കണ്ടുമുട്ടിയാൽ സ്റ്റാറ്റസ്
ഭൂമിയൊന്ന്പൊട്ടികരഞ്ഞാൽ സ്റ്റാറ്റസ്
ഏവം ഭൂരിജനങ്ങൾക്ക്
സ്റ്റാറ്റസ് ഇടാൻ വേരൊരു കാരണം വേണോ?

–Shivanya. M
8L

# പ്രഭാതം

കിളികളുടെ കളകളാരവം മഞ്ഞു തുള്ളികൾ പ്രകൃതിയെ പുൽകുന്നു. തന്റെ പൊൻ കിരണങ്ങളാൽ സൂര്യൻ പ്രകൃതി തൊട്ടുണർത്തുന്നു. പുൽക്കൊടികളിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളികൾ രവിയുടെ പൊൻ കിരണങ്ങളേറ്റ് തിളങ്ങുന്നു. ഇനി നമുക്ക് ഒരു തത്തമ്മയുടെ കൂട്ടിലേക്കൊന്നു ചെന്നു നോക്കാം.

അമ്മേ, ഞങ്ങൾക്ക് വിശക്കുന്നു. എന്തെങ്കിലും തരുമോ? മക്കളേ, ഇവിടെ ഒന്നുമില്ലല്ലൊ തരാൻ അമ്മ പോയി എന്തെങ്കിലും കിട്ടുമോ എന്നു നോക്കീട്ടു വരാം, മക്കൾ കൂട്ടിൽ തന്നെ ഇരിക്കണേ എങ്ങും പറന്നു പോകല്ലേ. ഇല്ല അമ്മെ വേഗം പോയി വാ. അങ്ങനെ ആ തത്തമ്മ പറന്നുപോയി.
ഇനി നമുക്ക് ഒരു സ്കൂൾ കുട്ടിയുടെ ദിനചര്യയൊന്നു നോക്കാം.
ഇന്നത്തെ ടൈം ടേബിൾ എന്താണോ എന്തൊ? ഒന്നു നോക്കട്ടെ. അമ്മേ സമയമായി എന്റെ ടിഫിൻ എവിടെ? അമ്മേ വേഗം താ. ബസ്സ് ഇപ്പോൾ പോകും. അങ്ങനെ കുട്ടി ധൃതിയിൽ സ്കൂളിലേക്ക് പുറപ്പെട്ടു.
പെട്ടെന്നാണ് ഒരു വാൻ വന്ന് കുട്ടിയേ തട്ടിക്കൊണ്ട് പോയത്. പോകും വഴി അവർ പട്ടി ക്കുള്ള ബിസ്കെറ്റ് വാങ്ങാനും മറന്നില്ല. ഒരു വീട്ടിലേക്കാണ് കുട്ടിയേ അവർ കൊണ്ടുപോയത്. എന്നിട്ട് അവർ ഒരു കടയിൽ നിന്നും കുട്ടിക്ക് മിഠായി വാങ്ങാനെന്ന വ്യാജേന കടയുടമയുടെ ഫോണിൽ നിന്നും കുട്ടിയുടെ അമ്മയെ വിളിച്ച് മോചന ദ്രവ്യം ആവശ്യപ്പെട്ടു.
പിന്നീട് പോലീസിൽ അറിയിക്കലായി ആകെ ബഹളമയം. അവസാനം മിടുക്കരായ കേരളാ പോലീസ് കുട്ടിയെ കണ്ടെത്തുക തന്നേ ചെയ്തു.

ഇനി നമുക്കു തത്തമ്മയുടെ കൂട്ടിലേക്കൊന്നു പോകാം.
കൊക്കിൽ തന്റെ പ്രാണനായ മക്കൾക്കുള്ള ഭക്ഷണം അധീവ ശ്രദ്ധായോടെ കൊണ്ടുവരികയായിരുന്ന ആ അമ്മ കൂട്ടിലേ കാഴ്ച്ച കണ്ട് ഒരു നിമിഷം സ്ഥബ്ദമായി.
എന്താണെന്നല്ലേ? ഒരു പരുന്ത് തന്റെ മക്കളെ റാഞ്ചാൻ ശ്രമിക്കുന്നു.
ആ അമ്മ മനം ഉരുകി. അതി സാഹസികമായി. മനോ ബലം ചോരാതെ ആ അമ്മ പരുന്തിന്റെ കയ്യിൽ നിന്നും തത്തക്കുഞ്ഞുങ്ങളെ രക്ഷിച്ചു.
ഏതൊരമ്മയും തന്റെ കുട്ടിയെ ജീവനേക്കാളേറെ സ്നേഹിക്കുന്നു. ഒരു വ്യക്തിക്കും അമ്മ മനത്തിനു പകരമാകാൻ കഴിയില്ല.

HANAN
HST (SS)

# കാലം





അല്ലയോ കാലമേ നിൻ കൈകളിൽ
പെട്ടമരും ഒരു കുഞ്ഞ് പൂവാണ് ഞാൻ .
കരയാറില്ല ചിരിക്കാറില്ല


നെറ്റിയിൽ ഒരു ചുവന്ന പാട് കൊണ്ടെന്നെ
തളച്ചിട്ടിരിക്കുന്നു.
അത് എവിടന്ന് വന്നു എന്നറിയില്ല...

എങ്കിലും ഞാൻ അസ്വസ്ഥയാണ്.. ഒരു പക്ഷേ....

- ഭവ്യശ്രീ
HST MALAYALAM

# എനി എന്തുണ്ട്

ശ്രീലയത്തിലെ പൂക്കുംപ്പ സ്ഥലത്തിലെ മുരുകന്റെക്ഷേത്രത്തിന് സമീപമായാണ്, പൂവിൽപ്പനാക്കാരായ ദേവകി , ബാലൻ എന്ന ദമ്പതികളുടെ വീട്. വെറും ഒരു പൂകച്ചോടം കൊണ്ട് തന്റെ രണ്ട് പെൺ കുട്ടികളായ യശോദയേയും ശ്രീമയേയും അവർക്ക് നോക്കുവാൻ വളരെ പ്രയാസപ്പെടുന്നു. 19 വയസ്സ്കാരിയായ യശോദയെ മറ്റൊരു വീട്ടിലേക്ക് പറഞ്ഞു വിടാതെ എത്ര കഷ്ടപ്പെട്ടിട്ടാണങ്കിലും തന്റെ മകൾക്ക് നിലയും വിലയും ഉള്ള ജോലി ചോര നീരാക്കി താൻ വങ്ങിച്ചു കൊടുക്കും എന്ന വാശിയിലാണ് ബാലൻ. ഒരു അച്ഛന്റെസ്നേഹം ഇന്നും അയാൾക്ക്പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മനസ്സിന്റെ ഇടയിൽ മക്കൾക്ക് വേണ്ടിയുള്ള സ്നേഹം വേണ്ടുവോളം ഉണ്ട്. ആ സ്നേഹം പ്രകടിപ്പിക്കുന്നത് മക്കളുടെ നല്ല ഭാവിക്ക് വേണ്ടിയാണ് എന്ന് മാത്രം. യശോദയെ നഴ്സിംഗിന് ചേർക്കാനാണ് ബാലന്റെ പ്ലാൻ. അവൾക്കാണെങ്കിൽ മെഡിക്കലുമായി ബന്ധപ്പെട്ട ജോലിക്കാണ് താൽപര്യം. വലിയ പേരു കേട്ട ക്ഷേത്രം ആയത്കൊണ്ട് തന്നെ അവിടെ ഒരുപാട് വ്യാപാരികൾ പൂക്കൾവിൽക്കുന്നു. ചെറുപ്പം മുതലേ ബാലനെ കണ്ട് പരിചയമുള്ളവർ ഒരുപാട് ഉണ്ട്. നിത്യവും ഇടയ്ക്കും ഒക്കെ ക്ഷേത്രം സന്ദർശിക്കുന്നവർ ബാലന്റെ കടയ്ക്ക് തന്നെയാണ് വാങ്ങാൻ പോകാറ്. ഏഴാം ക്ലാസ്സ് പഠനം പകുതിവെച്ച് നിർത്തി അതും സ്വന്തം സഹോദരിമാർക്ക് വേണ്ടി. ബാലന്റെ അച്ഛന് ബാലനടക്കം നാല് മക്കൾ ആണ്. മൂന്ന് സഹോദരിക്കും നാല് മക്കൾ ആണ്. മുന്ന് സഹോദരിമാരുടെ വിവാഹം അച്ഛനും ബാലനും കൂടി കൃഷിചെയ്തും പൂവിറ്റു ആണ്നടത്തികൊടുത്തത് .



തന്റെ ഇളയസഹോദരി ആയ അമ്മാളുവിന് പഠിച്ച് ഒരു അധ്യാപിക ആകണം എന്ന് വലിയആഗ്രഹമായിരുന്നു. എല്ലാവരും കൂടി അല്ല ബാലൻ ഒഴികെ മറ്റുള്ളവർ അവളുടെ ആഗ്രഹത്തെ ച തച്ച് അരച്ചതാ. തന്റെ അനിയത്തി ഒരു അധ്യാപിക ആകണം എന്ന് ബാലൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തു . ഇതൊക്കെ അറിഞ്ഞ അച്ഛൻ ബാലനെ ആദ്യമായി ശാസിക്കുകയും അടിക്കുകയും ആണ് ചെയ്തത് . അന്നത്തെ കാലത്ത് വിദ്യാഭ്യാസം എന്നത് വലിയ തെറ്റാണ് . തന്റെ മക്കളെയെങ്കിലും ഉയർന്ന നിലയിൽ എത്തിക്കും എന്ന് ബാലന്റെ വാശിയാണ് . പൂക്കൾക്കൊപ്പം പച്ചക്കറി കൃഷി ചെയ്ത് വിറ്റു . അമ്പലത്തിലെ അന്നദാനത്തിനും അടുത്ത് ഉള്ള വീട്ടുകാരും ഇപ്പോൾ ബാലന്റെ കടയിലെ സാധനങ്ങളാണ് വാങ്ങിക്കുന്നത് . ഏകദേശം ക്ഷേത്രത്തിലെ ഉത്സവം കഴിഞ്ഞ് രണ്ടോ മൂന്നോ ദിവസം കഴിഞ്ഞാണ് അപ്രതീക്ഷിതമായ ഒരു കാഴ്ച്ച ബാലൻ കണ്ടത്.



ക്ഷേത്ര പരിസരത്തുള്ള മണ്ണ് ജെസിബി എന്ന വാഹനം ഉപയോഗിച്ച് എടുക്കുകയും അവിടെ താമസിക്കുന്ന ചെറുകിട വ്യാപാരികളുടെ വീട് തകർക്കുന്നതുമായ കാഴ്ച . ആകെ വഴിമുട്ടിയിരിക്കുകയാണ് അവർ . കാര്യം അന്വേഷിച്ച ബാലനോട് ഉദ്യോഗസ്ഥർ പറഞ്ഞത് , ഇതോന്നും നിങ്ങൾ അറിയേണ്ട കാര്യം ഇല്ല.. പിന്നെ ഈ സ്ഥലമെല്ലാം സർക്കാരിന്റെ പരിധിയിൽ ആണ് . ഈ നാടിൻറെ വികസനം ആണ് ഞങ്ങളുടെ ലക്ഷ്യം . അതുമാത്രമല്ല ഇനി ഈ കടകൾ എല്ലാം പൊളിച്ച് ഷോപ്പിംഗ് കോംപ്ലെക്സുകൾ തുടങ്ങും . അപ്പോൾ ബാലൻ പറഞ്ഞു " ഇതൊക്കെ പൊളിക്കാൻ ഞങ്ങളാരും അനുവദിക്കില്ല ". ഉദ്യോഗസ്ഥർ അതിനു മറുപടിയായി പറഞ്ഞത് " അതിനു നിങ്ങളുടെ സമ്മതം ഇവിടെ ആർക്കും വേണ്ട ". അന്നേ ദിവസം രാത്രി ബാലന്റെ മനസ്സിൽ അന്ധകാരമായിരുന്നു ഉണ്ടായിരുന്നത് . പിറ്റേ ദിവസം ആ ഷോപ്പ് ഇടിച്ച് പൊളിക്കുമ്പോൾ ഇനി ജീവിതമാകുന്ന വഴി തേടി ആ മനസ്സ് അലയുകയാണ്. പാവങ്ങളുടെ ജീവിത മാർഗമാണ് വികസനം എന്ന പേരിൽ ഇപ്പോൾ പല സ്ഥലങ്ങളിലും നശിക്കുന്നത്..

- Devananda M
9 - L

# കരുതിയിരിക്കാം നാളേയ്ക്കായ്

ഉറക്കാം എല്ലാവരെയും കാർന്ന് തിന്നുന്ന സമയം. മോഹൻകുമാർ രഉറക്കത്തിന്റെ ആലസ്യത്തിൽ അങ്ങനെ കിടക്കുന്നു. പ്രകൃതിയുടെ വിതുമ്പൽ ഒരു തരംഗം പോലെ നിതാന്ദമായ അന്തീക്ഷത്തിൽ കറങ്ങിനടക്കുന്നു. പ്രകൃതി കരയുകയാണോ... ആലസ്യത്തിന്റെ നിർവൃതിയിൽനിന്ന് അൽപ്പംപോലും വ്യതിചലക്കാതെ മോഹൻ വിചാരിക്കുന്നു. "ണിം ണിം ണിം" ഇതെന്താ ഈ സമയത്തെ ഇങ്ങനെ ടnട വരുന്നത്? ഉറക്കം കാർന്നുതിന്നിരിക്കുന്ന തലച്ചോറിന്റെ ചെറുകണിക മോഹനനോടെന്ന വണ്ണം അട്ടഹാസം മുഴക്കുന്നു. ഞെട്ടലും ഉറക്കത്തിന്റെ ചടുലനൃത്തവും ഉടകലരുന്നതിനിടയിൽ മോഹൻ അതിലേക്ക് വഴിതിരിയുന്നു.

തന്റെ മൊബൈിൽ സെറ്റ്ചെയ്ത്ത് വച്ചിരുന്ന അലറാം സബ്ദിക്കാൻ തുടങ്ങി. ഭൂമിയെ ഒരു കറക്കം പൂർത്തിയാക്കിയ നിർവൃതിയിൽ ഊർജസ്വലതയോട് കൂടി പ്രകാശക്കുന്ന പൗർണമിരാവിലെ ചന്ദ്രനെപ്പോലെ അവൻ എഴുന്നേറ്റു. തന്റെ പ്രഭാതകർമ്മങ്ങൾ എല്ലാം കഴിഞ്ഞശേഷം പത്രത്തിനു പകരമായി തന്റെ മൊബൈൽ ഒന്നെടുത്തു. വാട്സാപ്പ് തുറന്നതും അവനൊരു നിമിഷം സ്തംബധനായി ചലനം അറ്റതുപോലെ ഇരുന്നുപോയി. എന്താണെന്നല്ലെ?

മൂന്നാം ലോകമഹായുദ്ധം ആരംഭിച്ചിരിക്കുന്നു. ഇതൊരു കുപ്രചാരണമാണെന്ന് കരുതി അവൻ ടി.വി ഓൺ ചെയ്തു. എല്ലാ ചാനലിലും ഇതുതന്നെയാണ് ചർച്ച.

ഇറാന്റെ വെബ്സൈറ്റ് അമേരിക്ക ആക്രമിച്ചത്ാണത്രെ കാരണം. ഇടവേളകളിസല്ലാതെ ടnട പ്രവാഹം തുടർന്ന് കൊണ്ടേയിരുന്നു. ഭേസ്ബുക്ക് തുറന്നാലും ഇതുതന്നെയാണ് അവസ്ഥ. ദേഷ്യത്തോടെ നെറ്റ് ഓഫ് ചെയ്ത്ത് വച്ചു. ഓഫീസിലും വഴിവക്കിലും ഇത് തന്നെയാണത്രെ സംസാരം. എല്ലാവരും പരക്കം പായുന്നു. എന്തിനോ ആർക്കോവേണ്ടി. ഒരു യുദ്ധം കൊണ്ട് എന്തൊക്കെ ദുരിതങ്ങൾ ഉണ്ടാകാമോ ആ ദുരുതമാകുന്ന ക്രൂരതയുടെ മുഖപടം ഉയർത്തി അത് സംഹാര താണ്ഡവമാടി. ഇപ്പോൾ എങ്ങും പട്ടിണഇയും പരിവട്ടവും മാത്രം. ഭീരെവാധികൾ വെബ്സൈറ്റിൽ ഹാക്ക് ചെയ്യാൻ ആരംഭിച്ചിരുന്നു. എല്ലാ രാജ്യങ്ങളിലും ഭീതിയുടെ നിഴൽ പരുന്നു. പെട്ടാന്നാണ് അതി ദാരുണമായ സംഭവം, ലോകത്താകെ മുൾമുനയിൽ നിർത്തിയത്.

ചൈന ഇറാനിൽ അണുബോംബ് വർഷിച്ചു. ഈ സംഭവം ലോകത്തിന്റെ നെഞ്ചിടിപ്പ് തകർത്തു. യുദ്ധരംഗം അതിന്റെ ക്രൂരതയുടെയും നാശത്തിന്റെയും മുഖപടം ഉയർത്തി. എങ്ങും കൊള്ളയും കൊലവിളിയും. വിഷപുകയേറ്റ് ആയിരങ്ങൾ മരിച്ചു വീണു. നിഷ്കളങ്കമായി ചിരിക്കുന്ന കുഞ്ഞുങ്ങളെപ്പോലും അവർ വെറുതെവിട്ടില്ല. വെബ് ശൃഖലയ്ക്ക് തകരാറ് സംഭവിച്ചു. ഇന്ത്യ അടക്കമുള്ള സമാധാനം കാംക്ഷിക്കുന്ന രാജ്യങ്ങൾ ഈ രംഗം ഭീതിയോടെ വീക്ഷിച്ചു. പെട്ടെന്നാണ് ട്വിറ്ററിലൂടെ അമേരിക്കയുടെ പ്രഖ്യപനം ഉണ്ടായത്. ഏതാനും ദിവസങ്ങൾക്കകം ഇന്ത്യും ചൈനയും കത്തിചാംമ്പലാകും . ഇന്ത്യയെ വലിച്ചിഴച്ചത് ഇറാൻ അക്രമാണത്തിൽ ഇന്ത്യയ്ക്കും പങ്കുള്ളതായി കരുതിയാണത്രെ. ഇതിലൂടെ ഇന്ത്യയും ചൈനയും ഒന്നുചേർന്നു. രണ്ട് രാജ്യയങ്ങളിലേയും നയതന്ത്ര പ്രതിനിധികൾ ചേർന്ന് ഒരു തിരുമാനത്തെിത്ത്ി. അമേരിക്കയെയും മുതലാളിത്ത് രാജ്യങ്ങളെയും മുതാലാളിത്തത്തെയും ബഹിഷ്കരിക്കുക. " മുതലാളിക്കം തുലയട്ടെ" എന്ന മുദ്രാവാക്യം മുഴക്കികൊണ്ട് സൈറ്റിൽ സോഷ്യലിസ്റ്റ് രാജ്യങ്ങൾ രംഗത്തിറങ്ങി, അമേരിക്കയിലുള്ള ഇന്ത്യയിലെയും ചൈനയിയും പ്രതിനിധികളെ തിരിച്ചുഴിളിച്ചു. അവിടുത്തെ ഭരണരംഗം തകിടംമറിഞ്ഞു. ഒടുവിൽ സൈറ്റിൽ നടത്തിയ ആ പ്രഖ്യാപനം അമേരിക്ക്യ്ക്ക് പിൻവലിക്കേണ്ടി വന്നു. സമാധാനത്തിനു വേണ്ടി സ്വന്തം ജീവൻപോലും ബലിയർപ്പിക്കാൻ മടുക്കാതെ സധൈര്യം കുതിച്ച മലാലയെയും കൈലാഷ് സത്യർത്തിയെയും പോലുള്ളവർ യുദ്ധവിരാമത്തിനായി കേണപേക്ഷിച്ചു. അവസാനം ശാന്തിയുടെയും സമാധാനത്തിന്റെയും പതാക പാറിപ്പറന്നു.

പെട്ടെന്നാണ് മോഹൻകുമാർ ഞെട്ടിയുണർന്നത്.

HANAN
HST SS

# SUN THE NEW HOPE



WITH EVERY SUNSET,
A NEW HOPE IS BORN...
AN OLD EXPECTATION DIES.
IT SOMETIMES WARMS MY HEART
IT BRINGS SMILE TO MY FACE
SHINNING OVER THE CITY,
WELCOMING A NEW DAY
IT MAKES MY SOUL
THE BRIGHTEST ONE...
A GLOWING SUN RAY
CAN HEAL A HEART.
I DISSOLVED IN THE
GLORIOUS SUN,
WHICH GAZED AT ME...

ADISH . P
8 M

MOON THE SOLITUDE ONE

THE MOON WILL SHINE
WHENEVER YOU SMILE
O WHITE MOON YOU ARE LONELY,
IF IS THE SAME WITH ME
BUT WE HAVE THE WORLD TO ROAM OVER,
ONLY THE LONELY ARE FREE.
UNDER THE HARVEST MOON
WHEN THE SOFT SILVER
DRIPS SHIMMERING OVER THE GARDEN NIGHTS,
SOMETIMES YOU ARE ALL I HAVE
I WANT TO BLOOM
IN YOUR ARMS,
LIKE THE MOON BLOOMS
IN THE NIGHTS ARMS.
AT THE TOP OF THE HILL,
AND ITS PERFECTLY ROUND,
AND ITS PERFECTLY STILL.

THE MOON WILL SHINE.




THRISHA B
8 M

# അതിജീവന സ്വരമുയർത്തൂ.....

ലഹരിക്കടിമപ്പെട്ടൊരീ ജുവുതമ
ലൈംഗിക പീഡനമായ് ചിലർ കഴിയുന്നു
മദ്യം കഴിക്കുന്നു ബീഡി വലിക്കുന്നു
മിഠായികൾ പോലും ലഹരി നിറയുന്നു.
സ്കൂളിലെ ആവസ്യങ്ങൾ പറഞ്ഞു ചിലർ
നൂറു വാങ്ങുന്നു പിന്നെ കെട്ടുകൾ വാങ്ങുന്നു
ഭ്രാന്തമായ ഭാവം, ഭ്രാന്തമായ ചിന്ത
റുമിലെ അലർച്ചയും ആകെ കുഴക്കുന്നു.
കേരള പോലീസിന്റെ നേതൃത്വത്താൽ
'വിമുക്തി' എന്ന വിമുക്ത കേരള
പദ്ധതി ഇതാ തുടങ്ങുന്നു.
മലയാള നാടിനെ ലഹരി വിമുക്തമാക്കാൻ
തുനിയുന്നു പാടുപെടുന്നു ചിലർ
ക്യാമ്പുകളും പിന്നെ ബോധവൽക്കരണ
ക്ലാസുകളും നൽകുന്ന കേരളീയം.
ഒറ്റ ചങ്ങലയാൽ കോർത്തു കൈകൾ
നമുക്കകറ്റാം ഹരിയോയും.
കോവിഡിനേയും മഹാമാരിയെയും
അതിജീവിച്ച നമുക്കിതു വെറും കുമിള മാത്രം
അതിജീവന സ്വരമുയർത്തൂ 'ലഹരി
മിമുക്ത കേരളം, സുന്ദര കേരളം'.

-ശിഖ കൃഷ്ണൻ
8 L

# I told The Stars about you



I told the stars about you ,
They smiled back.
They were twinkling
I wish I could cuddled with you that night.
I lost  my sense...
When I told them about you,
They smiled and continued to hear me
I dissolved into the stars...
Leaving the gravity behind
They were thinking about you,
They know you were someone like them
They gazed at me
I dissolved in them
I told the stars about you...

DEVIKA NAIR
VIII. M

# തകർത്തുകളഞ്ഞതിജീവിച്ച

എന്നാലിനിയൊരു മഹാമിക്കഥ
കേൾക്കുക നിങ്ങൾ ഞാനുരചെയ്യുന്നു
പെട്ടെന്നു വുഹാനിൽനിന്നുത്ഭവിച്ചൊരു
കൊവിഡ് തകർത്തു കളഞ്ഞു നമ്മളെ
കേട്ടുതുടങ്ങി പലതരം നാമങ്ങൾ
ലോക്ഡൗൺ, സാനിറ്റൈസർ പി.പി.ഇ കിറ്റുകൾ
സോപ്പ് സാനിറ്റൈസർ എന്നിവയാലോ
ഹസ്തം ചുരുങ്ങി അസ്ഥി മാത്രമായ്
മാസ്കിട്ട് ഗ്യാപ്പിട്ട് നിന്നതും പോരാഞ്ഞ്
ലോക്ഡൗണിലിരുന്നൊരേറേക്കാലങ്ങൾ
വാതിൽജനലുകൾ കുറ്റിയടച്ചിട്ടിരുന്നു
നമ്മൾ പാലിച്ച ജാഗ്രത
ക്വാറന്റൈൻ എന്ന പേരുകേട്ടപ്പോൾ
പ്രവാസികളാകെ പരിഭ്രാന്തരായി
പൊരുതണമീ മഹാമാരിക്കെതിരെയെന്നൊരു
ചിന്തമാത്രം മനസ്സിൽ ജനങ്ങൾക്ക്
'ബ്രേക്ക് ദ ചെയിൻ' എന്നൊരു
വാക്യം ഏറ്റു വിളിച്ചു കേരളമൊട്ടാകെ
തകർന്നുകളഞ്ഞതിജീവിച്ച നമ്മൾ
കൊറോണയെ ഒറ്റക്കെട്ടായി നിന്നു കൊണ്ട്...........

-Sreekripa.k
8 L

# അച്ചടക്കവും വിദ്യാർത്ഥികളും



PRAMOD KUMAR K
SITC & KITE MASTER

അച്ചടക്കം കുട്ടികളിൽ അവരുടെ ജീവിതത്തിന്റെ പ്രധാന ഭാഗമാണ് . അവരുടെ ജീവിതത്തിൽ അനിവാര്യമായ ഒരു പുതിയ അനുഭവമാണ് . പല അച്ചടക്കങ്ങളും അവരുടെ വികാരങ്ങൾ, വിജയങ്ങൾ തുടങ്ങിയവ അവരുടെ വ്യക്തിത്യത്തെ രൂപപ്പെടുത്തുന്നു .അവരുടെ ആശയങ്ങളും അഭിരുചികളും ആഗ്രഹങ്ങളും തുടരുന്നതിനു കൂടുതൽ അനുഭവം ഉണ്ടാക്കുന്നതിനും അവരുടെ അച്ചടക്കം സഹായിക്കുന്നു . വിദ്യാർത്ഥികളുടെ വളർച്ചയിൽ പ്രധാന ഭാഗമാണ് അച്ചടക്കം. അധ്യാപകർ വിദ്യാർത്ഥികൾക്ക് അറിവ് നൽകുകയും സംശയങ്ങൾ പരിഹരിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു കൊണ്ട് വിദ്യാത്ഥികളുടെ വളർച്ചയിലും പുരോഗതിയിലും സഹായിക്കുന്നു . അധ്യാപകർ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രേരണം അവരുടെ വളർച്ചയുടെ പ്രധാന ഭാഗമാണ് .

സ്കൂളിൽ നിന്നും ലഭിക്കുന്ന അച്ചടക്ക ബോധം പിൽക്കാല ജീവിതത്തിലും കുട്ടികൾക്ക് പ്രയോജനപ്പെടുന്നു . വിദ്യാർത്ഥികളുടെ അച്ചടക്ക ബോധം ഏറിയ പങ്കും അധ്യാപകന്റെ വ്യക്തി മഹാത്മ്യം വിദ്യാലയ പരിതസ്ഥിതികളുടെ പര്യാപ്തത എന്നിവയെ ആശ്രയിച്ചിരിക്കുന്നു . വീട്ടിലും ,വിദ്യാലയങ്ങളിലുമുള്ള സാഹചര്യങ്ങൾ കുട്ടികളുടെ ശരിയായ മാനസിക വളർച്ചയ്ക്ക് സഹായകമല്ലെന്നു വരാം. നിസ്സഹായതാ ബോധവും അച്ചടക്കരാഹിത്യവും ഉടലെടുക്കാൻ ഇത് കാരണമായേക്കാം . നല്ല ഒരു ജീവിതം കെട്ടിപ്പടുക്കുവാൻ അച്ചടക്കം കൂടിയേ തീരൂ . അച്ചടക്കം എന്നാൽ വെറുമൊരു മൗനം പാലിക്കൽ എന്നല്ല അർത്ഥമാക്കുന്നത്. മനസ്സിനെ ദൃഢമാക്കിക്കൊണ്ട് വേണ്ട സമയത്ത് വേണ്ട പോലെ പ്രതികരിക്കുവാൻ അച്ചടക്കം വേണം . അത് വിദ്യാഭ്യാസ കാലഘട്ടത്തിൽ നിന്ന് തന്നെ ഉണ്ടാവണം . ചിട്ടപ്പെടുത്തിയ പെരുമാറ്റ രീതികളെ ഉദ്ദേശിച്ചാണ് സാധാരണയായി അച്ചടക്ക പദം പ്രയോഗിക്കുന്നത് . നമ്മൾ പ്രയോഗിക്കുന്ന വാക്കുകളാണ് നമ്മെ നല്ലവരാക്കുന്നത്. ശത്രു മിത്രാദികളെ ഉണ്ടാക്കുവാൻ വാക്കുകൾക്ക് കഴിയും. ഓരോരുത്തരും ചെറുപ്പത്തിൽ തന്നെ മുതിർന്നവരുടെ നിയന്ത്രണത്തിന് വിധേയമായി അച്ചടക്കം പാലിച്ച് സ്വയം നിയന്ത്രിക്കാനുള്ള കഴിവ് ആർജിക്കുകയാണ് വേണ്ടത്. യഥാർത്ഥമായ അച്ചടക്കം ആത്മനിയന്ത്രണ ഫലമായുണ്ടാകുന്നതാണ് .

# നരകമാകുന്ന ഭൂമി

കഥ

## ആമുഖം

പുഴകളും , വയലുകളും , മലകളും സമ്പന്നമായിരിക്കുന്ന പ്രകൃതിയിലിപ്പോൾ ഈ കാഴ്ചകളൊക്കെ അപൂർവ്വമാണ് . ഇപ്പോഴും ഉള്ള കുട്ടികൾക്ക് മനുഷ്യർ ഈ കാഴ്ചകൾ ബാക്കി വെച്ചില്ല . എല്ലാം നശിപ്പിച്ച് പ്രകൃതിയെ നരകമാക്കി തീർത്തു. ഇപ്പോൾ കുട്ടികൾ കാണുന്ന കാഴ്ച എന്നത് കൂറ്റൻ കെട്ടിടങ്ങളും ചീറിപ്പായുന്ന വാഹനങ്ങളും , നിറയെ ഉപകരണങ്ങളും വഴിയോരങ്ങളിൽ തള്ളിയ മാലിന്യങ്ങളും , ഇതൊക്കെ കൊണ്ടുണ്ടാവുന്ന അസുഖങ്ങളും ആണ് . കുട്ടികളെ പ്രകൃതിയോടകറ്റിയും , ആ പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യരുടെയും ഇടയിൽ സന്തോഷങ്ങളില്ലാതെ പ്രകൃതിയെ അടുത്തറിഞ്ഞുള്ള അനുഭവങ്ങളില്ലാതെ വളർന്ന "ആലിശ" എന്ന കഥാപാത്രത്തെയാണ് നരകമാകുന്ന ഭൂമി എന്ന കഥയിൽ കാണാൻ കഴിയുന്നത് .ലിശക്ക് ഇപ്പോൾ ഭൂമി അനുഭവിക്കുന്ന അവസ്ഥയും , ഇനി സംഭവിക്കാൻ പോകുന്നതുമൊക്കെ പറഞ്ഞു കൊടുക്കുകയാണ് കഥയിലെ മുത്തശ്ശി. നരകമായി തീർന്ന ഭൂമിയെ സംരക്ഷിക്കണം എന്ന സന്ദേശം കൂടിയാണ് ഈ കഥയിലൂടെ അർത്ഥമാക്കുന്നത് .

ഒരു മഹാ നഗരത്തിലെ ഒരു ഫ്ലാറ്റിൽ താമസിക്കുന്ന കുട്ടിയാണ് ആലിശ . ആ നഗരത്തിലെ പൊടിയും വാഹനങ്ങളുടെശബ്ദവും അവളെ ആകെ ബുദ്ദിമുട്ടിച്ചിരുന്നു . തിരക്കിനിടയിൽ മനുഷ്യർക്ക് മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുവാൻ സമയം കിട്ടാത്തത് കൊണ്ട് റോഡ് അരികിൽ വലിച്ചെറിഞ്ഞാണ് സ്വന്തം വീടുകളിലെ മാലിന്യം മനുഷ്യർ കുറയ്ക്കുക. മനുഷ്യർക്ക് ഇതുവരെ തിരിച്ച് അറിഞ്ഞില്ല ഭൂമിയാണ് തങ്ങളുടെ സ്വന്തം വീടെന്നും മനുഷ്യ നിർമ്മിതമായ വീടുകൾ ഭൂമിയിലെ മുറികൾ ആണെന്നും . ഇതൊക്കെകൊണ്ടും ആലിശ ഒരു അസുഖക്കാരിയായിരുന്നു . അവൾ ശ്വസിക്കുന്നത് വിഷ വായുവാണ് . അവൾ കഴിക്കുന്നതും കീട നാശിനികൾ അടിച്ച ഭക്ഷണങ്ങളും . ആ നരകത്തിൽ ഒരു അസുഖം പോലുമില്ലാത്ത മനുഷ്യർ ഉണ്ടായിരുന്നില്ല. ആലിശക്ക് ആ പട്ടണം ഒരു തടവറയായിട്ടാണ് തോന്നിയത് . അവളുടെ വിചാരം ഈ നഗരം മാത്രമാണ് ഇങ്ങനെ. ഇതിനപ്പുറം അതി സുന്ദരമായ കാഴ്ചകൾ ഉണ്ടെന്നാണ് . അവൾക്കറിയില്ല മനുഷ്യർ എവിടെയൊക്കെ ഉണ്ടോ അവിടെയൊക്കെ ഈ അവസ്ഥയാണെന്ന് . അവൾ എന്നും ഒറ്റയ്ക്കായിരുന്നു സമയം ചെലവഴിച്ചിരുന്നത്. ആലിശയുടെ മുഖത്ത് എന്നും നിരാശയുടെയും സങ്കടത്തിന്റെയും ഭാവം മാത്രമായിരുന്നു . ആ നഗരത്തിൽ രാവിലെയും ഇരുട്ടായിരുന്നു. ഫാക്ടറിയിലെ രാക്ഷസനെ പോലുള്ള കറുത്ത പുക ആകാശമാകെ കറുപ്പിച്ചിരിക്കുന്നു . ആ രാക്ഷസ പുകയുടെ കറുപ്പ് ആലിശയുടെ സന്തോഷത്തെയും ബാധിച്ചു .



അവളുടെ മനസ്സിൽ പച്ചപ്പ് ഉണർത്താൻ  അവളുടെ 'അമ്മ മുത്തശ്ശിയുടെ   ഗ്രാമത്തിന്റെ ഭംഗിയെ കുറിച്ച് പറയും . മുത്തശ്ശിയുടെ വീടിനടുത്തു ഒരു വയൽ  ഉണ്ട്. വയലിനപ്പുറം ഒരു പുഴയും ഉണ്ടായിരുന്നു.  ആലിശയുടെ  'അമ്മ ചെറുപ്പത്തിൽ  കൂട്ടുകാരൊത്ത്  കുളക്കരയിൽ പോകുമായിരുന്നു . മുത്തശ്ശിയുടെ  വീടിന്  പിറകിൽ  കുറെ മല നിരകളും മരങ്ങളും കാണാമെന്ന്  'അമ്മ ആലിശയോട്  പറയുമ്പോൾ അവളുടെ മുഖത്ത്   ആശ്ചര്യത്തിന്റെ തെളിച്ചം കാണാം . അപ്പോൾ അവയുടെ  അമ്മയ്ക്ക് മനസ്സിലായി  ആലിശ  താമസിക്കാൻ ആലോചിക്കുന്നത് അങ്ങനെയുള്ള  ഒരിടത്താണ് .  അതുകൊണ്ട്  അവളുടെ മാതാപിതാക്കൾ ആലിസയെ    ഗ്രാമത്തിലേക്ക്  കൊണ്ടുപോകാൻ തീരുമാനിച്ചു . ആലിസയ്ക്ക്  14  വയസ്സ് ഉണ്ട്.



അവൾ പിറന്ന  ശേഷം ഒരു തവണ മാത്രമേ  മുത്തശ്ശീടെ അടുത്തേക്ക് പോയിരുന്നുള്ളൂ. അതും ആലിശ  കൈകുഞ്ഞായിരിക്കുമ്പോൾ .  ആദ്യമായിട്ടാണ്  ആലിശ  ഗ്രാമം കാണാൻ പോകുന്നത്. 'അമ്മ പറഞ്ഞതൊക്കെ  വെച്ച്  ഗ്രാമത്തെക്കുറിച്ച് അവൾ  കുറെ സങ്കൽപ്പിച്ചിരുന്നു . 'അമ്മ പറഞ്ഞത്   കനകക്കുന്ന്  എന്ന കവാടം കഴിഞ്ഞാൽ  പിന്നെ കാണുന്നത്  ഗ്രാമീണമായ  കാഴ്ചകൾ ആണെന്നാണ്.  അവൾ ആ കവാടം  എത്തിയോ എന്ന്  നോക്കികൊണ്ട് നിന്നു .   പക്ഷെ  കവാടം കഴിഞ്ഞുള്ള   കാഴ്ച  അവളെയും അവളുടെ അമ്മയെയും സംബന്ധിച്ച്   ഞെട്ടിക്കുന്നതും സങ്കടകരവുമായിരുന്നു  .

മരങ്ങൾ വെട്ടി അവിടമാകെ തരിശ് ഭൂമി ആയിരിക്കുന്നു. കുത്തിയൊഴുക്കിയ പുഴകളിൽ ഒരു തുള്ളി വെള്ളം പോലും അവിടെ ശേഷിക്കുന്നില്ല . വെള്ളത്തിനായി യാചിക്കുന്നത് പോലെ വരണ്ട് കിടയ്ക്കുന്ന ആ ഇടമാകെ അവർ മുത്തശ്ശിയുടെ വീടിനടുത്തെത്തി 'അമ്മ പറഞ്ഞ വയൽ അവൾ തിരക്കി . അവിടെ ഇപ്പോൾ ഫാക്ടറികൾ വന്നിരിക്കുന്നു. അവൾക്കു ആകെ സങ്കടം തോന്നി . അവൾ മുത്തശ്ശിയോടായി പറഞ്ഞു, ഇതാണോ മുത്തശ്ശി ഗ്രാമം . അത് കേട്ട് മുത്തശ്ശി പറഞ്ഞു , " അല്ല മോളെ ഗ്രാമം ആയിരുന്നു പണ്ട് , ഇപ്പോൾ ഇത് ഒരു നരകമാണ്, '. എന്തിനാ മുത്തശ്ശി ഇവർ ഇങ്ങനെ യൊക്കെ ചെയ്യുന്നത് അവൾ ചോദിച്ചു. ആലിശയുടെ ചോദ്യം കേട്ട് മുത്തശ്ശി ഇങ്ങനെ പറഞ്ഞു. വികസനത്തിന്റെ പേരും പറഞ്ഞു കൊല്ലുകയാണ് ഈ ഭൂമിയെയും . അമ്മയാണ് പ്രകൃതി , ആ അമ്മയെ വെട്ടി കൊല്ലുകയാണ് മനുഷ്യർ . മോളെ ആലിശ , ഇനി വരുന്ന കുട്ടികൾക്കൊന്നും ബാക്കി വെയ്ക്കില്ല ഈ മനുഷ്യർ. ഇതുവരെ മനുഷ്യർക്ക് ഭൂമിക്കു നേരെ എത്ര ക്രൂരതകൾ ചെയ്യാൻ കഴിഞ്ഞുവോ അത്രയും ചെയ്തു കഴിഞ്ഞിരിക്കുന്നു . ഇനി പ്രതികാരം തീർക്കലാണ് പ്രകൃതിയായ അമ്മയ്ക്ക് . അത് ഏത് രീതിയിലെന്നോ എപ്പോഴെന്നോ ആർക്കും നിശ്ചയിക്കാൻ സാധിക്കില്ല . പണ്ട് സ്വർഗമായ ഭൂമി ഇപ്പോൾ നരകതുല്യമായിരിക്കുന്നു . എല്ലാം കത്തിയെരിഞ്ഞുകൊണ്ടിരിക്കയാണ് . എല്ലാം അവസാനിക്കാൻ പോകുകയാണ് . ഇതൊക്കെ കേട്ട് ആലിസയ്ക്ക് പേടിയായി. മുത്തശ്ശിയുടെ വാക്കുകളിൽ നിന്ന് പ്രകൃതിയുടെ ഭംഗി നശിക്കുകയാണെന്നും ഭൂമി നരകമായി തീരുകയാണെന്നും ഉടൻ എല്ലാം അവസാനിക്കുമെന്നും ആലിശയ്ക്ക് മനസ്സിലായി . പ്രകൃതയുടെ ഭംഗിയെ റബൈറിച്ച് കൊണ്ടുവരേണ്ടത് മനുഷ്യരുടെ മാത്രം കടമയാണ്. അതിനു ആലിശയും ഒരു പങ്കാളിയായി അവൾക്കു കയ്യുന്ന രീതിയിൽ ഭൂമിയെ സംരക്ഷിക്കേണ്ട രീതികൾ സംസാരിക്കാൻ അവസരം കിട്ടുന്നിടത്തൊക്കെ അവൾ പറഞ്ഞു . പ്രകൃതിയെ സംരക്ഷിച്ചില്ലെങ്കിൽ വരുന്ന ഭവിഷ്യത്തുകൾ എന്തൊക്കെയെന്ന് മനുഷ്യർ മനസ്സിലാക്കണം . പ്രകൃതിയെ സംരക്ഷിക്കണമെന്ന് ആലിശയുടെ ചിന്തകൾ പോയി. അങ്ങനെ ഓരോമനുഷ്യരുടെയും ചിന്തകൾ ഉണരണം , പ്രകൃതിയെ സംരക്ഷിക്കണം .

**SHIGHA MOHAN,**

**8 N**


# ഉണ്ണിക്കുട്ടന്റെ പരീക്ഷ

ഒരു ഞായറാഴ്ച ഉണ്ണിക്കുട്ടൻ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അങ്ങ് ദൂരെ നിന്ന് മണിയൊച്ചയും ചെണ്ടക്കൊട്ടും കേട്ടു . പുറത്തു വന്നു നോക്കിയതും ആടിവേടൻ വന്നിരിക്കുന്നു. ആടിവേടൻ തെയ്യത്തിന് കുഞ്ഞിരൂപമാണ് . ഒറ്റ മണി കൈയ്യിൽ മുഴക്കിക്കൊണ്ട് മുറ്റത്ത് ചുവടുകൾ വെയ്ക്കാൻ തുടങ്ങി . ആട്ടം കഴി ഞ്ഞതും 'അമ്മ മഞ്ഞൾ വെള്ളം എടുക്കാൻ പോയ തക്കത്തിന് ഉണ്ണിക്കുട്ടൻ ആ കുഞ്ഞി തെയ്യത്തിനോടായി പറഞ്ഞു. എങ്ങനെയാ ദൈവമേ പരീക്ഷക്ക് നല്ല മാർക്ക് കിട്ടുക ?

അപ്പോൾ തന്നെ ആടിവേടൻ തന്റെ തലയിൽ വെച്ച പൂവിൽ നിന്ന് ഒരു ചെറിയ പൂവ് എടുത്തു കൊടുത്ത് ഉണ്ണികുട്ടനോട് പറഞ്ഞു " ഇത് പരീക്ഷയുള്ള വിഷയത്തിന്റെ പുസ്തകത്തിനുള്ളിൽ വെയ്ക്കുക" . ഇതുകേട്ട് ഉണ്ണിക്കുട്ടൻ വളരെ സന്തോഷിച്ചു. അവൻ അത് സന്തോഷത്തോടെ വാങ്ങി.

അമ്മ വരുമ്പോഴേക്കും എല്ലാം പറഞ്ഞ കഴിഞ്ഞിരുന്നു. നാളെ കണക്കു പരീക്ഷയാണ് . അമ്മയോട് ഇതേപ്പറ്റി ഒന്നും പറഞ്ഞില്ല . ആടിവേടൻ തന്ന പൂവ് കണക്കു പുസ്തകത്തിൽ വെച്ചത് കൊണ്ട് ഒന്നും പഠിക്കാത്തെയാണ് ഉണ്ണിക്കുട്ടൻ സ്കൂളിലേക്ക് പോയത് . ഉച്ചയ്ക്കുള്ള പിരീയഡിൽ പരീക്ഷ നടന്നു. എന്തൊക്കെയോ കുത്തി വരച്ചു. ഉണ്ണിക്കുട്ടന് ഭയം തീരെ ഉണ്ടായിരുന്നില്ല . കണക്കു പുസ്തകത്തിൽ ആടിവേടൻ തന്ന പൂവ് വെച്ചിട്ടുള്ളത് കൊണ്ട് എന്തായാലും നല്ല മാർക്ക് കിട്ടും എന്ന് അവനു ഉറപ്പായിരുന്നു. പിറ്റേന്ന് പരീക്ഷ പേപ്പർ വിതരണം ചെയ്തപ്പോൾ ഉണ്ണിക്കുട്ടൻ ഞെട്ടി . ഉണ്ണിക്കുട്ടന് മാത്രം പൂജ്യം മാർക്ക്. അവനു കരച്ചിൽ വന്നു., അവൻ കരഞ്ഞു കലങ്ങിയ കണ്ണുകളോടെ വീട്ടിൽ ചെന്ന് അമ്മയോട് കാര്യങ്ങൾ പറഞ്ഞു. 'അമ്മ അവനെ സമാധാനിപ്പിച്ചു. "സാരമില്ല മോനെ, ഇനി മുതൽ നീ പഠി ക്കേണ്ടത് നീ തന്നെ പഠിക്കണം , അപ്പോൾ ദൈവം നിനക്ക് നല്ലത് വരാൻ അനുഗ്രഹിച്ചുകൊണ്ടേയിരിക്കും . അന്ന് മുതൽ ഉണ്ണിക്കുട്ടൻ 'അമ്മ പറയുന്നതിനനുസരിച്ച് നന്നായി പഠിക്കാൻ തുടങ്ങി. ദൈവം എപ്പഴും കൂടെ ഉണ്ടാകുമെന്ന് ഓർത്ത് .

**ARJUN .M**
**VIII. N**



# ചിത്രങ്ങളിലൂടെ


World Environmental Day
CHSS Chattanchal
CHATTANCHAL HSS
VISION CHSS
CLEAN SCHOOL GREEN SCHOOL MISSION
WORLD ENVIRONMENT DAY
JUNE 5
ZERO WASTE CAMPUS
DECLARATION
Dr. V. Balakrishnan

## WORLD ENVIRONMENT DAY








## NAVA KERALA SADAS



നവ കേരള സദസ്സ് ചട്ടഞ്ചാൽ ഹയർസെക്കണ്ടറി സ്കൂൾ വേദിയിൽ വെച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് SPC യൂണിറ്റ് സീനിയർ വിങ്ങ് ലീഡർ ശ്രീ. ആർദ്ര ബി.കെ സല്യൂട്ട് നൽകുന്നു

# കായികോത്സവം

# 2023













# കലോത്സവം

# 2023









## ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മികവിൽ ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിന് സംസ്ഥാന തലത്തിൽ മിന്നും വിജയം



സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഐ ടി മേളയിൽ ചട്ടഞ്ചാൽ HSS സംസ്ഥാനത്ത് ഒന്നാം സ്ഥാനം നേടി. ഹയർ സെക്കന്ററി വിഭാഗം ഐ. ടി. ക്വിസിൽ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥി ഹൃഷികേശ് എം. എസ് എ ഗ്രേഡും രണ്ടാം സ്ഥാനവും നേടി .



## ചട്ടഞ്ചാൽ HSS ന് സംസ്ഥാന ഐ ടി മേള മിന്നും വിജയം



ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ സംസ്ഥാന തലത്തിൽ മിന്നും വിജയം നേടിയതിൽ കാസർഗോഡ് ജില്ലാ കോർഡിനേറ്റർ ശ്രീ. റോജി ജോസഫ് മാസ്റ്റർ സ്കൂൾ ഐ . ടി കോർഡിനേറ്റർ പ്രമോദ് മാസ്റ്റർക്ക് ട്രോഫി നൽകുന്നു

# CHSS CHATTANCHAL











ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് - 2023


# കാസർഗോഡ് ജില്ലാ ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക്, തിരഞ്ഞെടുക്കപ്പെട്ട



ശ്രീനന്ദൻ



റിതുനന്ദ്


FREEDOM FEST 2023
Knowledge Innovation Technology
CHATTANCHAL HIGHER SECONDARY SCHOOL
മത്സര വിജയികൾ
Digital Poster Making
little
KITEs
First Place
Muhammed Zahi
10-I
Second Place
Abhinav Krishnan
10-I
Robotics, Electronics model construction
First Place
Abhinav Krishnan
10-I
Second Place
Muhamed Riswan
9-L
Second Place
Sreenandan
9-J
വിജയികൾക്ക് അഭിനന്ദനങ്ങൾ


CHSS ചട്ടഞ്ചാൽ
Parents Awareness Class
Conducted By
Sri. Abdul Khader MT KITE
ഉൽഘാടനം
Sri. Raghavan Valiya Veetil
പി ടി എ വൈസ് പ്രസിഡന്റ്

## LITTILE KITES 2024 BATCH



## LITTILE KITES 2022-25 BATCH 2



## LITTILE KITES 2022-25 BATCH 1



## LITTILE KITES 2023-26 BATCH 2



## LITTILE KITES 2023-26 BATCH 1




## LITTILE KITS 2026 FULL BATCH





**ARYA PRADEEP**
**IX A**




**SREYA GOPAL**
**IX A**

# ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച് ലീഡേഴ്സ്



## ലിറ്റിൽ കൈറ്റ്സ് 2023-26 ബാച്ച് ലീഡേഴ്സ്



# ലിറ്റിൽ കൈറ്റ്സ് TEAM



PRAMOD KUMAR K
SITC & KITEMASTER



SHEEBA B S
KITE MISTRESS



PRASEENA M
KITE MISTRESS



ARCHANA NAIR M K
KITE MISTRESS

# നന്ദി



ദൃഷ്ടിസൂചി എന്ന ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച അണിയറ പ്രവർത്തകർക്കും, സൃഷ്ടികൾ തന്ന യുവപ്രതിഭകൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു

**SHEEBA. B. S**
**KITE MISTRESS**